# കപടഭക്തിക്കാരാണോ?

## മത്തായി 7:5

**''കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തു കളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരടു എടുത്തുകളവാൻ വെടിപ്പായി കാണും.''**

ആരാണ് കപടഭക്തിക്കാർ? എന്താണ് കപടഭക്തി? ഞാൻ ആ കൂട്ടത്തിലാണോ എന്ന് ഇന്ന് നാം ഓരോരുത്തരും നമ്മോടുതന്നെ ചോദിക്കേണ്ട കാര്യങ്ങളാണിത്. സ്വന്തം തെറ്റ് അല്ലെങ്കിൽ കുറവ് കാണാതെ മറ്റുള്ളവരുടെ തെറ്റിനെ വലുതാക്കി കാണിക്കുന്ന ഒരു സമൂഹത്തിലാണ് നമ്മളിന്ന് ജീവിക്കുന്നത്. അറിഞ്ഞോ അറിയാതെയോ അത് പിന്തുടരുന്ന വരാണ് നമ്മളിലേറെപ്പേരും. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുക എന്ന് തന്റെ പ്രവൃത്തിയിലൂടെ കാട്ടിത്തന്ന യേശുനാഥനെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് പറയുകയും എന്നാൽ ആ പാത പിൻതുടരുവാൻ വൈമുഖ്യം കാണിക്കുകയും ചെയ്യുന്നവരാണ് ഭൂരിഭാഗം പേരും. നമ്മുടെ കർത്താവ് പറഞ്ഞത് ''നിങ്ങളിൽ പാപം ഇല്ലാത്തവർ കല്ലെറിയട്ടെ'' എന്നാണ്. എന്നാൽ അന്ന് കല്ലെറിയുവാൻ ആരും ഇല്ലായിരുന്നു. ഇന്നും നമ്മുടെ കർത്താവ് നമ്മളോടു പറയുന്നത് ഇതു തന്നെയാണ്.

ഈ വചനത്തിൽ കൂടി കടന്നുപോകുമ്പോൾ, കർത്താവ് എന്താണിവിടെ പറയുന്നത്. സഹോദരന്റെ കണ്ണിലെ കരട് എടുക്കരുത് എന്നല്ല, കോൽ എടുത്തു മാറ്റിയാൽ സഹോദരന്റെ കണ്ണിലെ കരട് എടുക്കാൻ വെടിപ്പായി കാണും എന്നാണ്. രണ്ടു കാര്യങ്ങളാണ് ഇവിടെ നമ്മളോട് ആവശ്യപ്പെടുന്നത്. ഒന്നാമതായി നമ്മുടെ കുറവുകളെ നീക്കുക, പിന്നീട് മറ്റുള്ളവരുടെ കുറവുകളെ മാറ്റുവാൻ സഹായിക്കുക. നമ്മുടെ കുറവു കളാകുന്ന വലിയകോൽ നമ്മുടെ കണ്ണിൽ ഇരിക്കുമ്പോൾ ഒരിക്കലും സഹോദരന്റെ കുറവുകളാകുന്ന കരടിനെ എടുത്തുകളവാൻ നമുക്കു സാധിക്കയില്ല. അപ്പോൾ മറ്റുള്ളവരെ നേർവഴിക്ക് നയിക്കണമെങ്കിൽ നാം നേർവഴി തിരഞ്ഞെടുത്തവർ ആയിരിക്കണം. നമ്മുടെ കുറവുകളേയും ബലഹീനതകളെയും വചനാടിസ്ഥാനത്തിൽ തിരിച്ചറിയുകയും അതിൽ നിന്നുള്ള വിടുതലിനായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കു കയും ആത്മാർത്ഥമായി അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യണം. അപ്പോൾ നമ്മുടെ സഹോദരരുടെ കുറവുകളെ അവർക്ക് മനസ്സിലാക്കി കൊടുക്കുവാനും അവരെ ശരിയായ പാതയിൽ നയിക്കുവാനുമുള്ള കൃപ നമ്മുടെ കർത്താവ് നമുക്കു തരും. ആ കൃപയിൽ ആശ്രയിച്ചു മുന്നോട്ടു പോകുമ്പോൾ സ്നേഹത്തിൽ കൂടി എല്ലാം കാണുവാനും ആ ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുവാനും സാധിക്കും.

പരാമർശം:

സദൃശവാക്യങ്ങൾ 17:17

സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു; അനർത്ഥകാലത്തു അവൻ സഹോദരനായ്തീരുന്നു.

1 കൊരിന്ത്യർ 9:27

മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു.

സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 010